# ഗീബൽസുകൾ ഇളകിയാടുന്നു

ബി.എസ്.എൻ.എൽ. മേഖലയിൽ എട്ടാമത് റഫറണ്ടത്തിന് കളമൊരുങ്ങിക്കഴിഞ്ഞു. തുടർച്ചയയി ആറ് തവണയും ജീവനക്കാരുടെ അംഗീകാരം നേടിയ ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ തുടർച്ചയായ എട്ടാമത് വിജയത്തിലേക്ക് നീങ്ങുകയാണ്. അവകാശപ്പെട്ട ആനുകൂല്യങ്ങൾക്കും, സ്ഥാപനത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരെയും ഇതപരന്ത്യം നടത്തിയ പോരാട്ടങ്ങളും, പണിമുടക്കു സമരങ്ങളും തുടിക്കുന്ന ഓർമ്മകളായി ഇന്നും ജീവനക്കാരുടെ മനസിൽ നിലനിൽക്കുകയാണ്. ബി.എസ്.എൻ.എൽ.ഇ.യു. ഒരു അധികാരകേന്ദ്രമല്ല. എന്നാൽ അധികാരിവർഗ്ഗങ്ങളുടെ തൊഴിലാളിവിരുദ്ധ നിലപാടിനെ പോരാട്ടങ്ങളിലൂടെ ചെറുക്കാൻ എന്നും മുന്നോട്ടുവന്ന പ്രസ്ഥാനമാണ്. അതുകൊണ്ടുതന്നെ എട്ടാമത്തെ റഫറണ്ടത്തിലും എംപ്ലോയീസ് യൂണിയൻ അംഗീകാരം നേടി ഒന്നാംസ്ഥാനത്തെത്തുമെന്നതിൽ സംശയമില്ല.

എംപ്ലോയീസ് യൂണിയന്റെ മുന്നേറ്റത്തിൽ വിളറിപൂണ്ട ഭരണവിലാസം സംഘടന നുണകളുടെ വിഴുപ്പുഭാണ്ഡങ്ങളുമായി രംഗത്തെത്തിക്കഴിഞ്ഞു. മുനയൊടിഞ്ഞ വാദങ്ങളുമായാണ് ഗീബൽസിന്റെ ശിഷ്യന്മാർ റഫറണ്ടത്തെ നേരിടുന്നത്.

തങ്ങൾക്കനുകൂലമായ ഭരണസംവിധാനം നിലനിന്ന 2016 ൽ റഫറണ്ടം നടന്നപ്പോൾ ആവർത്തിച്ചതുതന്നെ കൂടുതൽ ദുർഗ്ഗന്ധത്തോടെ ഇപ്പോഴും വാരിവിതറുകയാണ്. ഭരണവിലാസം സംഘടനയുടെ വാദങ്ങൾ ജീവനക്കാർ നിഷ്കരുണം തള്ളിക്കളഞ്ഞുകൊണ്ടാണ് 2016 ൽ എംപ്ലോയീസ് യൂണിയനെ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിപ്പിച്ചത്.

കഴിഞ്ഞ മൂന്നുവർഷക്കാലം കേന്ദ്രസർക്കാർ നയങ്ങളെ ശിരസാവഹിച്ച് പാദസേവ ചെയ്ത ഈ ഭരണവിലാസം സംഘടന സമരങ്ങളിലൂടെ ഇതിഹാസം രചിച്ച ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയനെ ആക്ഷേപിക്കുന്നതുകാണുമ്പോൾ കാണ്ടാമൃഗംപോലും ലജ്ജിച്ചുപോകുന്നു.

**ബി.എസ്.എൻ.എൽ.ന്റെ പ്രതിസന്ധിയ്ക്കു കാരണം ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയനാണോ? അങ്ങനെയെങ്കിൽ എം.ടി.എൻ.എൽ.ന്റെ പ്രതിസന്ധിക്കു കാരണം എം.ടി.എൻ.എൽ.മസ്ദൂർ സംഘാണ്. എം.ടി.എൻ.എൽ. അംഗീകൃത സംഘടനയാണ് എം.ടി.എൻ.എൽ.മസ്ദൂർ സംഘ്. കഴിഞ്ഞ ജൂൺ മുതൽ എം.ടി.എൻ.എൽ. ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ടില്ല. ബി.എസ്.എൻ.എൽ.ജീവനക്കാർക്ക് 78.2% ഐഡിഎ ശമ്പളത്തിൽ ലയിപ്പിച്ചപ്പോൾ എം.ടി.എൻ.എൽ.ജീവനക്കാർക്ക് നൽകിയത് 73.8 ശതമാനം മാത്രം.**

തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും അനുവദിക്കേണ്ടത് അംഗീകൃത യൂണിയനുകളല്ല. കേന്ദ്രസർക്കാരും ബി.എസ്.എൻ.എൽ. മാനേജ്മെന്റുമാണ്. അത് നിഷേധിക്കാൻ ശ്രമിക്കുന്ന സന്ദർഭങ്ങളിലെല്ലാം അംഗീകൃത ട്രേഡ് യൂണിയന്റെ കടമ നിർവഹിക്കുകയാണ് എംപ്ലോയീസ് യൂണിയൻ ചെയ്യുന്നത്. ബി.എസ്.എൻ.എൽ. ടവറുകൾ വെട്ടിമുറിച്ച് സ്വകാര്യ മുതലാളിമാർക്ക് ദാനം ചെയ്യാൻവേണ്ടി പ്രത്യേക ടവർ കമ്പനി രൂപീകരിക്കാൻ കേന്ദ്രസർക്കാർ ശ്രമം നടത്തിയപ്പോൾ യോജിച്ച പോരാട്ടത്തിലൂടെയുള്ള ചെറുത്തുനിൽപ്പിൽ ഭരണവിലാസം സംഘടനയില്ല. പണിമുടക്കും മറ്റ് പ്രക്ഷോഭങ്ങളും നടത്തുന്നവരെ ആക്ഷേപിക്കുകയും അവർക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചവരുമായ ഇക്കൂട്ടരാണ്, ശമ്പളംപോലും നഷ്ടപ്പെടുത്തി പോരാടിയവരെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിയവർ എന്ന് അധിക്ഷേപിക്കുന്നത്. തങ്ങളുടെ ഇഷ്ടതോഴനായ കേന്ദ്രസർക്കാർ എന്തുകൊണ്ട് ബി.എസ്.എൻ.എൽ. ന്റെ ടവറുകൾ കൈമാറാനും സ്വകാര്യകമ്പനിക്ക് ദാനം ചെയ്യാനും ശ്രമിച്ചു എന്ന ചോദ്യത്തിന് ഉത്തരം പറയാൻ കഴിയാത്ത ഈ വാലാട്ടിസംഘടന, ഇതിനെതിരെ പോരാടിയവർക്കെതിരെ തിരിയുമ്പോൾ ശ്രദ്ധിക്കുക **ഇവരെങ്ങാനും അംഗീകാരത്തിന്റെ അയലത്തെത്തിയാൽ അംബാനിമാരെ ആഘോഷപൂർവ്വം എഴുന്നെള്ളിക്കുന്ന പ്രക്രിയക്ക് ആക്കംകൂട്ടും**. അതുകൊണ്ട് സൂക്ഷിക്കുക, ഈ നുണയൻമാരുടെ സംഘത്തെ.

കള്ളംപറഞ്ഞ് തൊഴിലാളികളെ വിഡ്ഢികളാക്കാമെന്ന് ഭരണവിലാസക്കാർ കരുതുന്നുവെങ്കിൽ എട്ടാമത് റഫറണ്ടം ഒരിക്കൽകൂടി അതിനു മറുപടി നൽകും.

ശമ്പളപരിഷകരണത്തിനും, പെൻഷൻ പരിഷ്കരണത്തിനും, 4ജി സ്പെക്ട്രത്തിനുംവേണ്ടി ബി.എസ്.എൻ.എൽ. ലെ സംഘടനകൾ എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങൾക്കൊടുവിൽ മന്ത്രി

തന്നെ നൽകിയ ഉറപ്പുകൾ ലംഘിച്ചപ്പോൾ 'ക' 'മ' എന്നുരിയാടാത്തവരാണ് അവകാശസംരക്ഷണത്തിന്റെ അപ്പോസ്തലൻമാരാകുന്നത്. ജീവനക്കാരെയും ഓഫീസർമാരെയും സംഘടിപ്പിച്ച് അവകാശങ്ങൾക്കുവേണ്ടി സഞ്ചാർഭവനിലേക്ക് മാർച്ച് ചെയ്തപ്പോൾ, ഓഫീസുകളിലിരുന്ന് പാദസേവ ചെയ്തവർക്ക് പോരാട്ടത്തിന്റെ അർത്ഥം മനസ്സിലാകില്ല. ശമ്പളപരിഷ്കരണം ഒത്തുതീർപ്പായിട്ടും നടപ്പാക്കാത്ത കേന്ദ്രസർക്കാരിനോട് ഒരു വിരോധവുമില്ല, എന്നാൽ അതിനുവേണ്ടി നിരന്തരമായ പോരാട്ടം നടത്തിയവരാണ് ഇതിനുത്തരവാദികൾ എന്നാക്ഷേപിക്കുമ്പോൾ മനസിലാക്കുക, ഇവരുടെ തലതിരിഞ്ഞ പ്രീണന നയം ആരോടാണ്.

ബി.എസ്.എൻ.എൽ. ജീവനക്കാർക്ക് ശമ്പളംപോലും നിഷേധിക്കുന്ന തരത്തിൽ സ്ഥാപനത്തെ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടവരെ ന്യായീകരിക്കുന്ന ഇത്തരം ദുഷ്ടശക്തികളെ ജീവനക്കാർ തിരിച്ചറിയും. അംബാനിക്ക് ടെലികോം കമ്പോളം കയ്യടക്കാൻ അവസരം നൽകിയവർക്കെതിരെ പ്രതികരിക്കാത്തവർ, യോജിച്ച സമരങ്ങളെ ആക്ഷേപിച്ചവർ, ഭരണവർഗ്ഗ നയങ്ങൾക്ക് പാദസേവ ചെയ്തവർ ഇവർക്ക് നൽകുന്ന ഒരു വോട്ടുപോലും ബി.എസ്.എൻ.എൽ. ജീവനക്കാരനെ കൊലക്കയറിലേക്ക് തള്ളിവിടുന്നതായിരിക്കും എന്ന് എല്ലാവരും മനസിലാക്കുന്നു.

ഇന്ന് ശമ്പളം വൈകുകയാണ്, നാളെ അത് ഇല്ലാതാകും. വി.ആർ.എസ്. പിരിച്ചുവിടൽ, റിട്ടയർമെന്റ് പ്രായം 58 ആയിച്ചുരുക്കുക, ചിലപ്പോൾ ഭാവിയിൽ 56 ആക്കിയാലും അത്ഭുതപ്പെടേണ്ടതില്ല. ഇതെല്ലാം ചെയ്യുന്ന കേന്ദ്രസർക്കാരിന് ഓശാനപാടുന്നവരെ തിരിച്ചറിയാൻ ജീവനക്കാർക്ക് കഴിയും. ബി.എസ്.എൻ.എൽ. അംബാനിക്ക് കൈമാറാൻ 'ചരിത്രപരമായ' തീരുമാനം വരുമ്പോൾ അതിന് വഴങ്ങി വിധേയരാകുന്നവരാണ് എംപ്ലോയീസ് യൂണിയനെ ആക്ഷേപിക്കുന്നത്. ജനാധിപത്യപരമായ തെരഞ്ഞെടുപ്പിലൂടെ യൂണിയനുകൾക്ക് അംഗീകാരം നൽകാനുള്ള ജനാധിപത്യപ്രക്രിയയെപോലും അപഹസിക്കുന്ന, പിൻവാതിലിലൂടെ അംഗീകാരത്തിന് ശ്രമിക്കുന്ന ജനാധിപത്യവിരുദ്ധരെതിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തുക.

ബി.എസ്.എൻ.എൽ. നെ തകർക്കാനുള്ള, ജീവനക്കാരെ ഒഴിവാക്കി സ്ഥാപനം സ്വകാര്യ മുതലാളിമാർക്ക് കൈമാറാനുള്ള, ഗൂഢതന്ത്രത്തിന് ഏക വെല്ലുവിളിയായി നിൽക്കുന്നത് അംഗീകാരമുള്ള, ഇവർ അധിക്ഷേപിക്കുന്ന എംപ്ലോയീസ് യൂണിയനാണെന്ന യാഥാർത്ഥ്യം ജീവനക്കാർക്ക് അറിയാവുന്നതാണ്. ശമ്പളം വൈകിയപ്പോൾപ്പോലും തങ്ങളുടെ ഭരണസ്വാധീനം ഉപയോഗിക്കാൻ തയ്യാറാകാത്ത ഇക്കൂട്ടർ ബി.എസ്.എൻ.എൽ. ന്റെ തകർച്ചയാണ് കാംക്ഷിക്കുന്നത്.

അതുകൊണ്ട് ബി.എസ്.എൻ.എൽ. മേഖലയിലെ ഗീബൽസിന്റെ പുതിയ മാതൃകകളെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തുക.

**ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന് മൊബൈൽഫോൺ** അടയാളത്തിൽ വോട്ട് ചെയ്യുക, സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നവർക്കും, ആനുകൂല്യങ്ങൾ നിഷേധിക്കുന്നവർക്കും എന്തിനധികം യഥാസമയം ശമ്പളംപോലും നൽകാൻ കൂട്ടാക്കാത്തവർക്കുമെതിരെ ഉയരുന്ന പ്രതിഷേധം ബാലറ്റ് പേപ്പറിലൂടെ എട്ടാം നമ്പർ ചിഹ്നമായ മൊബൈൽ ഫോണിൽ രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

ജില്ലാസെക്രട്ടറി.



**BSNL എംപ്ലോയീസ്**
**യൂണിയനെ**

**SL No.8**

**വോട്ടുരേഖപ്പെടുത്തി വിജയിപ്പിക്കുക**

